ജയിൽ വകുപ്പിൽ വാർഡർ-ഹെഡ്വാർഡർ റേഷ്യോ

93 [1625] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ വാർഡർ-ഹെഡ് വാർഡർ റേഷ്യോ എത്രയാണ്; പുതുക്കിയ റേഷ്യോ നിലവിൽ വരുന്നതിന് മുമ്പ് ആകെ ജയിൽ വാർഡർമാരുടെ എണ്ണം എത്രയായിരുന്നു; ഇപ്പോൾ എത്ര വാർഡർ തസ്തികകൾ നിലവിലുണ്ട്;

(ബി) പുതുക്കിയ റേഷ്യോ അനുസരിച്ച് പ്രൊമോഷൻ നടത്തിയതിന്റെ ഭാഗമായി വാർഡർമാരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച് ശരിയായ പഠനം നടത്തുകയോ, ജയിൽ ജീവനക്കാരുടെ സംഘടനയുമായി ചർച്ച നടത്തുകയോ ചെയ്തിട്ടുണ്ടോ;

(സി) വാർഡർ തസ്തികയിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ അത് പുനസ്ഥാപിക്കുമോ; ഇതു സംബന്ധിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാർഡർ-ഹെഡ് വാർഡർ റേഷ്യോ 3:1 എന്ന ക്രമത്തിലാണ്. പുതുക്കിയ റേഷ്യോ നിലവിൽ വരുന്നതിന് മുമ്പ് വാർഡർമാരുടെ എണ്ണം 755 ആയിരുന്നു; ഇപ്പോൾ 738 വാർഡർ തസ്തികകൾ നിലവിലുണ്ട്.

(ബി) വാർഡർ തസ്തികയിൽ കുറവ് വരുത്തിയിട്ടില്ല. ഹെഡ് വാർഡർ പ്രൊമോഷൻ നടത്തിയതിന്റെ ഫലമായി വാർഡർമാരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേകം പഠനം നടത്തുകയോ സംഘടനകളുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

(സി) ഉദിക്കുന്നില്ല.

ജയിൽ വെൽഫയർ ഓഫീസർമാരുടെ തസ്തികമാറ്റം

94 [1626] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മിനിസ്റ്റീരിയൽ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള വെൽഫെയർ ഓഫീസർമാരെ തസ്തികമാറ്റം വഴി ജയിൽ സൂപ്രണ്ടുമാരായി നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ നിന്നും ഉണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ; ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നാലാം ശമ്പള കമ്മീഷനിൽ ജയിൽ സൂപ്രണ്ടുമാരുടെ ആകെ തസ്തികയിൽ 25% വെൽഫെയർ ഓഫീസർമാർക്ക് നൽകുന്നതിനായി ശുപാർശ ചെയ്യപ്പെട്ടിരുന്നു. ടി തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന വെൽഫെയർ ഓഫീസർമാർക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും ശരിയായ പരിശീലനവും ഉള്ളവരായിരിക്കണം എന്നും സൂചിപ്പിച്ചിട്ടുണ്ട്. ജയിൽ വകുപ്പിൽ ഇപ്രകാരം നിയമനം നടത്തിയാൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളും സർക്കാർ പരിശോധിക്കുകയുണ്ടായി. നിർദ്ദേശം നാളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. ജയിൽ സ്പെഷ്യൽ റൂൾസിന്റെ പുതുക്കിയ കരട് നിർദ്ദേശത്തിൽ മേൽപ്പറഞ്ഞ ശുപാർശ കൂടി ഉൾപ്പെടുത്തുന്നതിന് ജയിൽ ഡി. ജി. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അസിസ്റ്റന്റ് കമാൻഡന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്

95 [1627] *ശ്രീ. പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവിലെ അസിസ്റ്റന്റ് കമാൻഡന്റുമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്; അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിനെതിരെ എത്ര അസിസ്റ്റന്റ് കമാൻഡന്റുമാർ രേഖാമൂലം പരാതി നൽകിയിരുന്നു എന്നും, ആരൊക്കെയാണ് പരാതി നൽകിയതെന്നും, എന്തായിരുന്നു ഓരോരുത്തരുടെയും പരാതിയെന്നും വ്യക്തമാക്കാമോ;

(സി) പരാതി തന്ന അസിസ്റ്റന്റ് കമാൻഡന്റുമാർക്ക് മറുപടി നൽകിയിരുന്നുവോ എന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും അറിയിക്കുമോ;

(ഡി) ഇവരുടെ പരാതിക്ക് മറുപടി നൽകാതെയാണ് ജില്ലാ ആംഡ് റിസർവിലെ അസിസ്റ്റന്റ് കമാൻഡന്റുമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ജില്ലാ ആംഡ് റിസർവിലെ അസിസ്റ്റന്റ് കമാൻഡന്റുമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിനെതിരെ നൽകിയ പരാതിക്ക് മറുപടി നൽകുമോ?

ഉത്തരം

(എ) 18-10-2002-ൽ. ഇതിന്റെ ഒരു കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly